**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1362** **12-02-2025 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട ചെറുകോട് ട്രൈബൽ സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ ചെറുകോട് ട്രൈബൽ സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത കെട്ടിട നിർമ്മാണം എന്ന് പൂർത്തിയാക്കാനാകുമെന്നും ഇതിന്റെ പൂർത്തീകരണത്തിനായുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | **ചെറുകോട് ട്രൈബൽ എൽ.പി.സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി റോഡിൽ നിന്ന 25 അടിയിലധികം ഉയരത്തിൽ സ്ഥിതിചെയ്തിരുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റുകയുണ്ടായി. മണ്ണ് മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്ന സൈറ്റ് ക്ലിയർ ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. സൈറ്റ് ക്ലിയർ ചെയ്തശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.**<br><br>**പഴയ കെട്ടിടം പൊളിച്ചുമാറ്റിയപ്പോൾ സ്കൂളിനുണ്ടായിരുന്ന പാചകപ്പുര, ഭക്ഷണ ഹാൾ ശൗചാലയങ്ങൾ എന്നിവ നഷ്ടമായിട്ടുണ്ട്. കൂടാതെ, ചുറ്റുമതിലും പുതുതായി നിർമ്മിക്കേണ്ടതുണ്ട്. പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ പൂർത്തീകരണ ത്തിനായി ലഭ്യമായ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത ട്രൈബൽ സ്കൂൾ കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കാമോ? | (ബി) | **സൈറ്റ് ക്ലിയർ ചെയ്ത് കെട്ടിട നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ